പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ 15.12.2014 ലെ മറുപടിയ്ക്ക്

ചോദ്യം നമ്പർ : * 317

**കേരളാ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ തീരദേശ മാപ്പ് നിർമ്മാണം**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| **ശ്രീ. എം.എ. വാഹീദ് :** | **ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** |
| (എ) കേരള തീരദേശ സംരക്ഷണ അതോറിറ്റി 2011-ലെ വിജ്ഞാപന പ്രകാരം കോസ്റ്റൽ സോൺ മാനേജ്മെന്റ് മാപ്പ് തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഏത് ഏജൻസിയെയാണ് ഇതിനായി ചുമതലപ്പെടുത്തിയിരിക്കുന്നത് ; നാളിതുവരെ ഏതെല്ലാം ജില്ലകളുടെ മാപ്പ് തയ്യാറാക്കി ; മാപ്പ് തയ്യാറാക്കാൻ ചിലവ് വഹിക്കുന്നതാര് ; ആയതിന് കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ ; കേന്ദ്ര സഹായം ലഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദ വിവരം ലഭ്യമാക്കുമോ ? | (ബി) തിരുവനന്തപുരത്ത് ആക്കുളം ആസ്ഥാനമായുള്ള ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തെയാണ് (NCESS) കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ (CZMP) തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത്. കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ ജില്ലകൾ, കൊച്ചി കോർപ്പറേഷൻ, മരട് മുനിസിപ്പാലിറ്റി എന്നിവയുടെ കരട് പ്ലാൻ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരാണ് ഇതിനുള്ള ചെലവ് വഹിക്കുന്നത്. തീരദേശ പരിപാലന വിജ്ഞാപനം 2011 അനുസരിച്ചുള്ള തീരദേശ പ്ലാൻ തയ്യാറാക്കേണ്ടത് അതത് സംസ്ഥാനങ്ങളുടെ ബാധ്യതയായതിനാൽ ഇതിന് കേന്ദ്ര സഹായം ലഭിച്ചിട്ടില്ല. |

അണ്ടർ സെക്രട്ടറി ടു ഗവൺമെന്റ്